ഉത്തരം

(എ) സംസ്ഥാനത്തെ അർബൻ ബാങ്കുകളുടെ പ്രവർത്തനങ്ങൾക്ക് ദ്വിതല നിയന്ത്രണമാണുള്ളത്. ഭരണപരമായ പ്രവർത്തനങ്ങൾ, കേരള സഹകരണ നിയമത്തിൻകീഴിൽ സഹകരണ സംഘം രജിസ്ട്രാറുടേയും ബാങ്കിംഗ് ഇടപാടുകൾ 1949-ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വിധേയമാണ്. റിസർവ്വ് ബാങ്ക് ആക്ട് അർബൻ ബാങ്കുകൾക്ക് ബാധകമല്ല. ബാങ്കിംഗ് റഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുമ്പോൾ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മറ്റ് സഹകരണ സ്ഥാപനങ്ങളുടേയും ബാങ്കിംഗ് ബിസിനസ്സ് മാത്രം ചെയ്യുന്ന അർബൻ ബാങ്കുകളുടേയും പ്രവർത്തനം താരതമ്യം ചെയ്യാൻ കഴിയുകയില്ല. കേരള സഹകരണ നിയമത്തിൻകീഴിൽ മാത്രം പ്രവർത്തിക്കുന്ന മറ്റ് സഹകരണ സംഘങ്ങൾ എല്ലാ പ്രവർത്തനവും ഏറ്റെടുക്കുന്നതിലൂടെ വളർച്ച കൈവരിക്കുമ്പോൾ ബാങ്കിംഗ് രംഗത്ത് മാത്രം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾക്ക് മറ്റ് ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയാത്തതിനാൽ ടി മേഖലകളിൽ വളർച്ച നേടാൻ കഴിയുന്നില്ലെങ്കിലും ഭൂരിഭാഗം അർബൻ ബാങ്കുകളും ബാങ്കിംഗ് മേഖലയിൽ നന്നായി പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാന സർക്കാരും റിസർവ്വ് ബാങ്കും തമ്മിൽ ഒപ്പിട്ട ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ടാസ്ക്ഫോഴ്സ് (TAFCUB)-ന്റെ പ്രവർത്തനഫലമായി അർബൻ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

റബ്കോയ്ക്ക് നൽകിയ സാമ്പത്തിക സഹായം

28 (5433) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്കോയ്ക്ക് ഇതുവരെ എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) റബ്കോയ്ക്ക് സർക്കാരിന്റെ ഓഹരിയായി എത്ര സംഖ്യ ലഭിക്കാനാണ് അർഹതയുള്ളത് ;

(സി) ഷെയർ പാർട്ടിസിപ്പേഷനായി ഇതുവരെ എത്ര തുകയാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത് ;

(ഡി) ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തം പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പദ്ധതിയിലും NCDC പദ്ധതിയിലുമായി ഓഹരി ഇനത്തിൽ 59,70,10,000 രൂപയും വായ്പയിനത്തിൽ 47,18,00,000 രൂപയും സബ്സിഡിയിനത്തിൽ 2,03,43,817 രൂപയും ഉൾപ്പെടെ ആകെ 108,91,53,817 രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 7,80,25,000 രൂപയാണ് റബ്കോയ്ക്ക് സംസ്ഥാന സർക്കാരിന്റെ ഓഹരിയായി ലഭിക്കാൻ അർഹതയുള്ളത്.

(സി&ഡി) സംസ്ഥാന പദ്ധതിയിലും NCDC പദ്ധതിയിലുമായി മൊത്തം 59,70,10,000 രൂപ നൽകിയിട്ടുണ്ട്.

മണൽ വിപണനത്തിനായി സഹകരണ സംഘങ്ങൾ

29 (5434) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണൽ വിപണനത്തിനായി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടോ ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ അംഗീകൃത കടവുകളിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക് മണൽ ലഭ്യമാകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അംഗീകൃത കടവുകളിൽ നിന്നും മണൽ പ്രസ്തുത സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനും മണൽ വിപണനം പ്രസ്തുത സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ കണ്ണൂർ ബിൽഡിംഗ് മെറ്റീരിയൽ (മാർക്കറ്റിംഗ്) സഹകരണ സംഘം ലി.നമ്പർ സി 1741 എന്ന പേരിൽ ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കണ്ണൂർ ബിൽഡിംഗ് മെറ്റീരിയൽ (മാർക്കറ്റിംഗ്) സഹകരണ സംഘം ലി. നമ്പർ സി. 1741 ഇപ്പോൾ അംഗീകൃത കടവുകളിൽ നിന്ന് തന്നെയാണ് മണൽ വിപണനം നടത്തി വരുന്നത്.

കോഴിക്കോട് താലൂക്കിലെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

30 (5435) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ എത്ര ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) 2006-ന് ശേഷം ഓരോ സംഘവും പൊതുമരാമത്ത് വകുപ്പിൽ നിന്നും, സഹകാര്യമായും ഏറ്റെടുത്ത് നടത്തിയ പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, പ്രവൃത്തി ആരംഭിച്ച തീയതി പൂർത്തീകരിച്ച തീയതി എന്നിവ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly